# Desabhimani
# 17 July 2018
# Kochi, Flood, Cochin International Airport



## വിമാന പാർക്കിങ് ഏരിയയിൽ വെള്ളം കയറിയിട്ടില്ല: സിയാൽ

**കൊച്ചി**

കനത്ത മഴയെത്തുടർന്ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിമാനങ്ങളുടെ പാർക്കിങ് ഏരിയയിൽ വെള്ളം കയറിയെന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്ന് വിമാനത്താവള അധികൃതർ വ്യക്തമാക്കി. കഴിഞ്ഞ ദിവസങ്ങളിലെ മഴമൂലം വിമാനത്താവളത്തിൽ പ്രശ്നങ്ങളൊന്നുമുണ്ടായിട്ടില്ലെന്നും വാർത്താക്കുറിപ്പിൽ പറഞ്ഞു.

**സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്നത് മറ്റേതോ വിമാനത്താവളത്തിന്റെ ചിത്രം**

വിമാന പാർക്കിങ് ഏരിയയിൽ വെള്ളം കയറിയെന്ന രീതിയിൽ ചിത്രം സഹിതമാണ് സാമൂഹ്യ മാധ്യമങ്ങളിലൂടെ വാർത്ത പ്രചരിക്കുന്നത്. ഇത് മറ്റേതോ വിമാനത്താവളത്തിന്റേതാകാമെന്നും സിയാൽ വ്യക്തമാക്കി.